## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -5799** **02.07.2019-ലെ മറുപടി**

### രാമൻകുളം വാട്ടർ സപ്ലൈ സ്കീം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ. | കയ്പമംഗലം എം.എൽ.എ.യുടെ 2017-18-ലെ ആസ്തി വികസന ഫണ്ടിൽ വകയിരുത്തിയ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം വാട്ടർസപ്ലൈ സ്കീം പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് ഒന്നരവർഷമായിട്ടും സാങ്കേതികാനുമതിയോ ടെണ്ടർ നടപടികളോ പൂർത്തീകരിക്കാതെ പദ്ധതി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. | ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; അനന്തമായി നീട്ടികൊണ്ടുപോകുന്നത് ഉദ്യോഗസ്ഥരാണെങ്കിൽ അവർക്കെതിരെ നടപടിയെടുക്കുമോ; വിശദമാക്കുമോ? | ബി. | കയ്പമംഗലം "MLA-SDF" ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എടത്തുരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം വാട്ടർസപ്ലൈ സ്കീമിനുള്ള ഭരണാനുമതി 11.09.2018 തീയതിയിൽ ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ നിന്നും പ്രസ്തുത ഉത്തരവ് മാർച്ച് 2019-ൽ ആണ് പ്രവൃത്തി നടപ്പിലാക്കേണ്ട ഇരിങ്ങാലക്കുട ഡിവിഷനിൽ ലഭിച്ചത്. ഈ പ്രവൃത്തിയുടെ ഭരണാനുമതി തുക 72 ലക്ഷം രൂപയാണ്. മാർച്ച് 2019-ൽ ഭരണാനുമതി ലഭിച്ചപ്പോൾ മാതൃക തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ദർഘാസ് ക്ഷണിക്കാൻ സാധിച്ചില്ല. ഈ പദ്ധതിയുടെ അടങ്കൽ അംഗീകരിച്ച് 20.07.2019 ന് ലഭിക്കത്തക്കവിധം ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഈ പ്രവൃത്തി നടപ്പാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |

Renuka Sankar
**സെക്ഷൻ ഓഫീസർ**